# ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം-14

വിഷയം- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്-അനധികൃത ഹാജരില്ലായ്മ-അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ആഫീസർ ഡോ.ടോംവിത്സൻ-നെതിരായ അച്ചടക്ക നടപടി- സർവ്വീസിൽ നിന്നും നീക്കം ചെയ്യുതുകൊണ്ടുള്ള താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നുത് -സംബന്ധിച്ച്.

പരാമർശം-1. 10.02.2015-ലെ ഈ ആഫീസിലെ ഇ3-607/2015/ഡി.ഐ.എം.എസ് എന്ന കത്ത്.

2. 16.4..2015-ലെ ഈ ആഫീസിലെ ഉത്തരവ് നം. ഡി3- 6423/2015/ഡി.ഐ.എം.എസ്.
3. 14.5.2015-ലെ ഡോ.ടോംവിത്സൻ-ന്റെ കത്ത്.
4. 28.3.2015-ലെ ഈ ആഫീസിലെ ഉത്തരവ് നം.

- ഡി3- 6423/2015/ഡി.ഐ.എം.എസ്.. എന്ന കാരണം കാണിക്കൽ നോട്ടീസ്

## ഉത്തരവ് നം ഡി3- 6423/2015/ഡി.ഐ.എം.എസ്. തീയതി 20.10.2015

തൃശ്ശൂർ, ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ആഫീസറായിരുന്ന ഡോ.ടോംവിത്സൻ 02.12.2014 മുതൽ 31.12.2014 വരെ 30 ദിവസത്തെ ശൂന്യവേതനാവധി ചികിൽസാകാരണത്തിൽ അപേക്ഷിക്കുകയും പിന്നീട് 01.01.2015 മുതൽ 3 വർഷത്തെ ശൂന്യവേതനാവധി നിശ്ചിത ഫോറത്തിലല്ലാതെ അപേക്ഷിച്ച ശേഷം ജോലിയിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്തു. എത്രയും പെട്ടെന്ന് ജോലിക്ക് ഹാജരാകണമെന്ന് കാട്ടി പരാമർശം (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു എങ്കിലും ടിയാൾ പ്രതികരിക്കുകയുണ്ടായില്ല.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ആഫീസറായി 03.06.2011-ന് ജോലിയിൽ പ്രവേശിച്ച ഡോ.ടോംവിത്സൻ

പഠനാവശ്യത്തിനായി മൂന്നു വർഷത്തെ ശൂന്യവേതനാവധി സ്വീകരിച്ചിരുന്നു. 01.07.2014-ൽ തിരികെ ജോലിയിൽ പ്രവേശിച്ച ടിയാൻ പ്രൊബേഷൻ കാലയളവിൽ തന്നെ അച്ചടക്ക രാഹിത്യവും ചട്ടലംഘനവും നടത്തിയിരിക്കുന്നു. അവധി അനുവദിച്ച ശേഷം മാത്രമെ അവധിയിൽ പ്രവേശിക്കാവു എന്നിരിക്കെ അവധി അപേക്ഷ സമർപ്പിച്ച ശേഷം ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നത് അനധികൃത ഹാജരില്ലായ്മയാണ്. അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയും വകുപ്പു മേധാവിയുടെ നിർദ്ദേശം പാലിക്കാതിരിക്കുകയും ചെയ്ത ഡോ.ടോംവിത്സനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാളെ സർവ്വീസിൽ നിന്നും സസ്പെൻഡു ചെയ്തുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ടിയാൾ പരാമർശം (3) പ്രകാരം വിശദീകരണം എന്ന പേരിൽ ഒരു കത്ത് ഈ ആഫീസിൽ സമർപ്പിച്ചിരുന്നു. എന്നാൽ ടി കത്തിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്നതിനുള്ള വ്യക്തമായ കാരണം സൂചിപ്പിക്കുകയോ തിരികെ ജോലിയിൽ പ്രവേശിക്കാനുള്ള സന്നദ്ധത അറിയിക്കുകയോ ചെയ്യാതെ അധികൃതരെ കുറ്റപ്പെടുത്തുന്ന രീതിയിലുള്ള മറുപടി സമർപ്പിക്കുകയും വ്യക്തി താൽപര്യാനുസരണം രാജി സന്നദ്ധത അറിയിക്കുകയുമാണ് ചെയ്തിരുന്നത്.

ദീർഘകാല ശൂന്യവേതനാവധി മെഡിക്കൽ ആഫീസർമാർക്ക് അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിലും ദീർഘകാല അവധി അനുവദിച്ച ശേഷം മാത്രമെ അവധിയിൽ പ്രവേശിക്കാവു എന്നും ചട്ടം നിലനിൽക്കെയും ജോലിയിൽനിന്നും വിട്ടുനിൽക്കുന്നതിന് ഡോ.ടോംവിത്സൻ നിരത്തിയിരിക്കുന്ന ന്യായങ്ങൾ സ്വീകാര്യമല്ലായെന്നും. ടിയാളുടെ സ്വമേധയാ രാജി നൽകണമെന്ന അപേക്ഷയും സ്വീകാര്യമല്ലായെന്നും. പ്രൊബേഷൻ കാലയളവിൽ തന്നെ ചട്ടലംഘനവും അച്ചടക്ക രാഹിത്യവും നടത്തിയിരിക്കുന്ന ടിയാളുടെ ഈ വകുപ്പിലെ സേവനം അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നുവെന്നും പ്രസ്തുത താൽക്കാലിക തീരുമാനത്തിനെതിരെ എന്തെങ്കിലും കാരണങ്ങൾ ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കാവുന്നതാണന്ന്കാണിച്ച് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിരുന്നു 2.6.2015-ൽ കൈപ്പറ്റിയ ടി നോട്ടീസിന് ടിയാൾ പ്രതികരിക്കുകയുണ്ടായില്ല.

ഈ സാഹചര്യത്തിൽ അച്ചടക്ക രാഹിത്യവും ചട്ടലംഘനവും നടത്തിയിരിക്കുന്ന തൃശ്ശൂർ, ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ആഫീസറായിരുന്ന ഡോ.ടോംവിത്സനെ 01.01.2015 പ്രാബല്യത്തിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ.എം.ബീനത്ത്

ഡയറക്ടർ ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്

ഡോ.ടോംവിത്സൻ
റ്റി.എം.ജെ 7 -706,
നെയ്തേലിനഗർ,
മവേലിപ്പുറം, കാക്കനാട്, കൊച്ചി 682 030-
(രജി.തപാൽ എ.ഡി.സഹിതം)

പകർപ്പ്- 1. മദ്ധ്യമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
2. സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി ഒളരിക്കര
3. എസ്റ്റാബ്ലിഷ്മെന്റ് സൂപ്രണ്ട്
4. ഇ 1-സെക്ഷൻ
5. ഫയൽ/സ്റ്റോക്ക് ഫയൽ